# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1524 21.01.2014-ലെ മറുപടിക്ക്

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

**കേന്ദ്ര ധനകാര്യ കമ്മീഷന്റെ നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| (എ)<br>കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്ന് സംസ്ഥാനങ്ങൾക്ക് പണം നൽകുന്ന നിലവിലെ മാനദണ്ഡ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട പണം കുറഞ്ഞുവരുന്നതിനാൽ 14-ാം ധനകാര്യകമ്മീഷൻ മുമ്പാകെ നിലവിലെ മാനദണ്ഡങ്ങൾ മാറ്റുവാൻ ആവശ്യപ്പെട്ടുവോ; | ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി)<br>എങ്കിൽ ഏതെല്ലാം വിഷയങ്ങളിൽ മാറ്റം ആവശ്യപ്പെട്ടിട്ടുണ്ട്; | 14-ാം ധനകാര്യകമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിലൂടെ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള പ്രധാന വിഷയങ്ങൾ താഴെ പറയും പ്രകാരമാണ്.<br>• സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.<br>• 3 വർഷത്തിലേറെയായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>• സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് (1971-ലെ) മുൻതൂക്കം നൽകണം. |

| | |
|---|---|
| | • വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്തുകൊണ്ട് ജനസംഖ്യയെ ക്രമപ്പെടുത്തണം.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം. |
| (സി)<br>11, 12, 13 എന്നീ ധനകാര്യകമ്മീഷനിലൂടെ സംസ്ഥാനത്തിന് ലഭിച്ച വിഹിതം എത്ര ശതമാനം വീതമാണെന്നും ഇതിൽ കുറവ് വരുത്തുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ; | 11, 12, 13 എന്നീ ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരം സംസ്ഥാനത്തിന് ലഭിച്ച വിഹിതം യഥാക്രമം 3.057, 2.665, 2.341 ശതമാനമാണ്. പ്രസ്തുത ധനകാര്യ കമ്മീഷനുകൾ സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിർണ്ണയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് കുറഞ്ഞ വെയ്റ്റേജും വരുമാന അന്തരം, പിന്നാക്കാവസ്ഥ തുടങ്ങിയവയ്ക്ക് ഉയർന്ന വെയ്റ്റേജും നൽകിയതിനാലാണ് സംസ്ഥാന വിഹിതം കുറഞ്ഞത്. |
| (ഡി)<br>വിഹിതം നിശ്ചയിക്കുന്നതിൽ ജനസംഖ്യയുടെ അനുപാതം കൂട്ടുകയും ആകെ ആഭ്യന്തര ഉല്പാദനത്തിന്റെ അനുപാതം കുറയുകയുമാണ് സംസ്ഥാനത്തിന് അനുയോജ്യമായ വഴി എന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ 14-ാം ധനകാര്യകമ്മീഷനിൽ ഇക്കാര്യം അവതരിപ്പിച്ച് അനുമതി നേടുവാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | വിഹിതം നിശ്ചയിക്കുന്നതിൽ ജനസംഖ്യയ്ക്ക് ഉയർന്ന വെയ്റ്റേജും പ്രതിശീർഷ ആഭ്യന്തര ഉല്പന്നത്തിന് കുറഞ്ഞ വെയ്റ്റേജും നൽകുന്നതാണ് സംസ്ഥാനത്തിന് വിഹിതം കൂടുതൽ ലഭിക്കുന്നതിന് അനുയോജ്യമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് (1971-ലെ) മുൻതൂക്കം നൽകി വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്തുകൊണ്ട് |

| | |
|---|---|
| | ജനസംഖ്യയെ ക്രമപ്പെടുത്തേണ്ടതാണെന്ന് 14-ാം ധനകാര്യ കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഇ)<br>14-ാം ധനകാര്യകമ്മീഷൻ കേരള സന്ദർശനത്തിനായി എത്ര തവണ അനുമതി ചോദിച്ചു; പ്രസ്തുത കമ്മീഷൻ ചോദിച്ച അനുമതി സംസ്ഥാന സർക്കാർ നിഷേധിക്കാൻ കാരണം എന്തെന്ന് വ്യക്തമാക്കുമോ; | സെപ്റ്റംബർ മാസം കേരള സന്ദർശനത്തിനായി കമ്മീഷൻ അനുമതി ചോദിച്ചിരുന്നു. എന്നാൽ സെപ്റ്റംബറിൽ സംസ്ഥാനത്ത് ഓണം ആഘോഷിക്കുന്നതിനാൽ കമ്മീഷന്റെ സന്ദർശനത്തിന് മറ്റൊരു തീയതി നിശ്ചയിക്കണമെന്ന് കമ്മീഷനോട് അഭ്യർത്ഥിച്ചിരുന്നു. |
| (എഫ്)<br>വർദ്ധിച്ചുവരുന്ന റവന്യൂകമ്മി നികത്താൻ 14-ാം ധനകാര്യ കമ്മീഷനോട് എന്തൊക്കെ സഹായങ്ങൾ ആവശ്യപ്പെട്ടു; വിശദമാക്കുമോ; | വർദ്ധിച്ചുവരുന്ന റവന്യൂകമ്മി കുറയ്ക്കുന്നതിന് സംസ്ഥാനം സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.<br>2. നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടുവരണം.<br>3. കേന്ദ്ര റവന്യൂ വരുമാനത്തിൽ വിവിധ ഇളവുകൾക്കായി മാറ്റിവയ്ക്കുന്ന തുകയുടെ (Revenue forgone) തോത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കണം.<br>4. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിതള്ളണം.<br>5. യഥാർത്ഥ വരുമാന കമ്മി (മൂലധന ആസ്ഥികൾ വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ് |

| | |
|---|---|
| | കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) ഒരു പ്രധാന fiscal indicator ആയി പരിഗണിക്കണം.<br>6. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 1.5% ആയി നിജപ്പെടുത്തികൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുന:ക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം നടത്തേണ്ടതുമാണ്.<br>7. വനവിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും, ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വനസംരക്ഷണം നടത്തുന്നതിന് കേരളത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം.<br>8. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15575 കോടി രൂപയുടെ ധനസഹായം അനുച്ഛേദം 275 പ്രകാരം അനുവദിക്കണം. |
| (ജി)<br>14-ാം ധനകാര്യകമ്മീഷന് സംസ്ഥാന സർക്കാർ മദ്യസൽക്കാരം നടത്തിയതായി വിവിധ പത്ര-ദൃശ്യ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇപ്രകാരം എത്തുന്ന കമ്മീഷനുകൾക്ക് മദ്യസൽക്കാരം നടത്തുന്നത് ഈ സർക്കാരിന്റെ നയമാണോ; വ്യക്തമാക്കുമോ; | പ്രസ്തുത റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് വസ്തുതാപരമല്ല.<br>14-ാം ധനകാര്യ കമ്മീഷൻ കേരളം സന്ദർശിച്ച വേളയിൽ സർക്കാർ ചെലവിൽ മദ്യ സൽക്കാരം നടത്തിയിട്ടില്ല. മദ്യസൽക്കാരം നടത്തുക എന്നത് സർക്കാരിന്റെ നയമല്ല. |

സെക്ഷൻ ഓഫീസർ